**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - ചേർത്തല നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട ആർ.വി ജയപ്രകാശിന്റെ മകൾ കുമാരി ആരതി ജയപ്രകാശ്- സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്**

**സ.ഉ(സാധാ)നം. 1717/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം , 23/092020**

---

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.
2. കുമാരി ആരതി ജയപ്രകാശിന്റെ 04/09/2018 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 28/12/2018 തീയതിയിലെ ഇ 4-17446/2017 നമ്പർ കത്ത്.
4. 18/05/2004 തീയതിയിലെ 6678/ഉ.പസി/2004/ ഉ.പ.ഭ.വ നമ്പർ സർക്കുലർ

**ഉത്തരവ്**

ചേർത്തല നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 18.11.2014-ൽ മരണപ്പെട്ട ആർ.വി ജയപ്രകാശിന്റെ മകൾ കുമാരി ആരതി ജയപ്രകാശ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത് 23.05.2017 നാണ്. പരാമർശം 1 ലെ ഉത്തരവനുസരിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി മരണ തിയതി മുതൽ 2 വർഷക്കാലയളവാണ്. എന്നാൽ കുമാരി ആരതി ജയപ്രകാശ് സമയപരിധി കഴിഞ്ഞ് 6 മാസവും 5 ദിവസവും കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ കാലതാമസം മാപ്പാക്കി നല്കണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിശ്ചിത കാലപരിധിക്കുള്ളിൽ നേടിയിട്ടുണ്ടായിരുന്ന യോഗ്യത അനുസരിച്ചുള്ള ജോലിക്കു മാത്രമേ പരിഗണിക്കാനാവു എന്ന നിബന്ധനയിൽ ,സമാശ്വാസ തൊഴിൽദാന പദ്ധതി സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥയിൽ

ഇളവ് വരുത്തി, ചേർത്തല നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ആർ.വി ജയപ്രകാശിന്റെ മകൾ കുമാരി ആരതി ജയപ്രകാശ് അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം .

സെക്രട്ടറി,ചേർത്തല നഗരസഭ .

ആരതി ജയപ്രകാശ്,പാണ്ടിക്കോടത്തു ഹൗ,വൈക്കം പി ഒ,686141,കോട്ടയം

ഡയറക്ടർ .ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ